പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 510 — 06.03.2012-ൽ മറുപടിയ്ക്ക്

## ഫുട്ബോൾ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ കളിസ്ഥലങ്ങളും ഫുട്ബോൾ പരിശീലനകേന്ദ്രങ്ങളും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | നിയോജകമണ്ഡലം അടിസ്ഥാനത്തിൽ കളിസ്ഥലങ്ങളും ഫുട്ബോൾ പരിശീലനകേന്ദ്രങ്ങളും സ്ഥാപിയ്ക്കുന്നതിനുള്ള പദ്ധതി പരിഗണനയിൽ ഇല്ല. എന്നാൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം, ഒരു നീന്തൽക്കുളം നിർമ്മിക്കൽ എന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം; അത് വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | സർക്കാർ ഉടമസ്ഥതയിൽ വിവിധ ജില്ലകളിലായി താഴെപ്പറയുന്ന ഫുട്ബോൾ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പരിശീലനകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും വ്യാപകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>1. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, പനമ്പള്ളി നഗർ, എറണാകുളം.<br>2. സെൻട്രലൈസ്ഡ് സപോർട്സ് ഹോസ്റ്റൽ, തിരുവല്ല.<br>3. യൂണിവേഴ്സിറ്റി സ്പോർട്സ് ഹോസ്റ്റൽ, തിരുവനന്തപുരം.<br>4. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, ഹൈ ആൾട്ടിറ്റ്യൂഡ്, ട്രെയിനിംഗ് സെന്റർ മൂന്നാർ.<br>5. എം.ഇ.എസ്.കോളേജ്, മാംപാട്.<br>6. പയ്യന്നൂർ കോളേജ്, പയ്യന്നൂർ.<br>7. എസ്.എൻ.തോട്ടട, കണ്ണൂർ.<br>8. ക്രൈസ്റ്റ് കോളേജ്, തൃശ്ശൂർ.<br>9. മാർ തോമ കോളേജ്, തിരുവല്ല.<br>10. എം.എസ്.പി.സ്ക്കൂൾ, മലപ്പുറം.<br>11. സെന്റ് ജോസഫ് സ്ക്കൂൾ, തിരുവനന്തപുരം. |

സെക്ഷൻ ഓഫീസർ.